**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**10 -11- 2020**

**അടിസ്ഥാന പാഠാവലി- X**

**ഓണമുറ്റത്ത് - 03**

- മുൻ ക്ലാസിലെ തുടർ പ്രവർത്തനങ്ങൾ ഓർമ്മപ്പെടുത്തി.

▪ ചമത്ക്കാര ഭംഗി വിശദമാക്കൽ.

[ നീളും മലയുടെ ചങ്ങലവട്ടയിൽ

...............................
മോണക്കോടിയുടുത്തൊരുഷസ്സേ, ]

▪ പ്രകൃതി വർണ്ണനയിലെ മനുഷ്യഭാവം കണ്ടെത്തൽ.

വർണ്ണനകളിൽ മനുഷ്യഭാവം ആവിഷ്കരിക്കുന്ന കവിശീലത്തെ ഉദാഹരിക്കുന്നതിന് ഒ എൻ വി കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീതത്തിലെ' വരികൾ ചൊല്ലിക്കേൾപ്പിച്ചു.

▪ ഹരിത മൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ -

യരുളിയ മുലപ്പാൽ കുടിച്ചു തെഴുത്തവർ -
ക്കൊരു ദാഹമുണ്ടായ് ഒടുക്കത്തെ ദാഹം

തിരുഹൃദയ രക്തം കുടിക്കാൻ .

പാഠഭാഗത്തെ തുടർന്നുള്ള വരികൾ ചൊല്ലി വിശദീകരിച്ചു.

[ പനിനീരാൽ കഴുകിച്ചു കാലുകൾ

...........................................
ലർക്കളമെഴുതിക്കാത്തോരരചനെ ! ]

▪ നമ്മൾ കിനാവുകൾ കൊണ്ട് പൂക്കളമെഴുതി കാത്തിരുന്ന ആ മഹാബലി മന്നനെ, പനിനീര് കൊണ്ടു കാലുകഴുകി മലയാളമാകുന്ന തറവാടിന്റെ മുറ്റത്തെ മണിപീഠത്തിൽ സ്വീകരിച്ചിരുത്തി.

[പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ക്ലേശപൂർണ്ണമായ ജീവിത യാത്രയിലെ ആനന്ദത്തിന്റെ തുരുത്താണ് ഓണം. അവൻ സ്വപ്നം കാണുന്നതും കാത്തിരിക്കുന്നതും ജീവിതത്തിലെ ഇത്തരം ചെറിയ ആഹ്ലാദ മുഹൂർത്തങ്ങളെയാണ് ]

കവി സ്വയം ഒരു പുള്ളുവനാണെന്നും തന്റെ കാവ്യലക്ഷ്യമെന്തെന്നും പ്രഖ്യാപിക്കുന്ന വരികൾ ചൊല്ലി വിശദീകരിച്ചു.

അനുബന്ധമായി പുള്ളുവൻ പാട്ട് വീഡിയോ സഹിതം കേൾപ്പിച്ചു.

[ പഴയൊരു പുള്ളുവനാണല്ലോ ഞാൻ,

................................................
കൊറിക്കാൻ നെല്ലു കിടച്ചാലായി. ]

▪ നാവേറും കണ്ണേറു മേൽക്കാതെ മലനാടിനെ കാക്കുന്ന അനുഷ്ഠാന കലാരൂപമാണ് പുള്ളുവൻ പാട്ട്. കവി, തന്നെ ഒരു പുള്ളുവനോടാണ് സാദൃശ്യപ്പെടുത്തുന്നത്. ഈ നാടിന്റെ സംസ്കാരത്തെയും പാരമ്പര്യത്തെയും സംരക്ഷിക്കുകയാണ് തന്റെ കാവ്യ
ലക്ഷ്യമെന്ന് കവി ഇവിടെ സൂചിപ്പിക്കുന്നു. തന്റെ കവിതകൾ കേരളത്തിന്റെ പ്രകൃതിയേയും തനിമയേയും സംസ്കാരത്തെയും ഉൾക്കൊള്ളുന്നതാണ് എന്ന് കവി പ്രഖ്യാപിക്കുന്നു.

▪ പായും കുടയും നെയ്യുന്ന , പല കൈവേലകൾ ചെയ്യുന്ന, പുഞ്ചകൾ കൊയ്ത്ത് കറ്റമെതിച്ച് കിഴ്ക്കുന്ന ഗ്രാമത്തിലെ പെൺ കൊടിമാർക്ക് സന്തോഷം നൽകാനും അവരുടെ നൃത്തച്ചുവടുകൾക്ക് താളം പകരാനുമാണ് ഞാൻ എന്റെ 'നാടൻ' കവിതകൾ പാടുന്നത്.

ഇതിൽ നിന്നും എന്തെങ്കിലും നേട്ടങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നില്ല. ഒരു വെറ്റിലക്കൊടിയോ ഇത്തിരി നെല്ലോ ലഭിച്ചാൽ തന്നെ ഞാൻ സന്തുഷ്ടനാണ്.

തന്റെ കവിതകൾ പാവപ്പെട്ട കർഷകർക്കും അധ്വാനിക്കുന്നവർക്കും സന്തോഷം പകരാനുള്ളതാണ്. സമ്പത്തോ,സമ്മാനങ്ങളോ അവാർഡുകളോ താൻ അതിന് പ്രതിഫലമായി ആഗ്രഹിക്കുന്നില്ല എന്ന പ്രഖ്യാപനമാണിത്. നാടിന്റെ സംസ്കാരവും പൈതൃകവും കാത്തുസംരക്ഷിക്കുക മാത്രമാണ് തന്റെ കാവ്യ ലക്ഷ്യം.

കവിയുടെ കയ്യിലെ വീണപ്പെണ്ണ് കവിയുടെ കവിത്വം തന്നെയാണ്.

കവിതയിലെ അവസാന ഖണ്ഡത്തിന്റെ ആദ്യ ഭാഗം ചൊല്ലി വിശദീകരിച്ചു.

[ ഓണക്കാലത്തുണരും ഞാൻ തിരു-
..............................................
എൻ പ്രിയ മകളും വീണപ്പെണ്ണും . ]

▪ഓണക്കാലമെത്തുന്നതോടെ എന്നിലെ കവിത്വം ഉണരുന്നു.

തിരുഓണത്തെ കുറിച്ചുള്ള (കേരളീയ സംസ്കൃതിയെയും സൗന്ദര്യത്തെയും കുറിച്ചുള്ള ) പാട്ടുകളാണ് എന്റെ കവിതകൾ

▪ മലയാളമാകുന്ന തറവാട്ടിൽ പുതുതായ് പിറന്ന ഉണ്ണിയാണ് ചിങ്ങമാസം

▪ ചിരിച്ചും കരഞ്ഞും കൈകാൽ കുടഞ്ഞും വായിൽ നുണഞ്ഞ മധുരം നൊട്ടിനുണച്ചും കളിക്കുന്ന ചിങ്ങമാസമാകുന്ന കുട്ടിയുടെ കേളികൾ കണ്ടുകൊണ്ട് മലയാളത്തറവാടിന്റെ മുറ്റത്തെ പൂത്തറയിൽ ഇരിക്കുകയാണ് മഹാബലിത്തമ്പുരാൻ.

▪ തൊട്ടടുത്തായ്, മണലിൽ തന്റെ കവിത്വമാകുന്ന വീണപ്പെണ്ണിനേയും കയ്യിലേന്തി കവിയും ഉണ്ട്.

■ ഓണത്തപ്പൻ - പൂത്തറയിൽ - ആദവിന്റെ ഇരിപ്പിടം.

■ പുള്ളുവൻ - മണലിൽ -വിനയത്തിന്റെ നിലം.

അനുബന്ധമായി പി കുഞ്ഞിരാമൻ നായരുടെ വരികൾ ചൊല്ലിക്കേൾപ്പിച്ചു.

▪ വന്നു വന്നു പൊൻചിങ്ങം
പുലരൊളി തിരളും പൊൻചിങ്ങം
പുതുമലർ വിരിയും പൊൻചിങ്ങം
പുളകമുണർത്തും പൊൻ ചിങ്ങം .

കവിതയുടെ അവസാന ഭാഗം ചൊല്ലി വിശദീകരിച്ചു.

[ പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
.....................................
മൂവുലകാണ്ട മഹാബലി മന്നൻ ]

▪ കേരളത്തിന്റെ പൈതൃകവും സംസ്കൃതിയും നിഴലിക്കുന്ന തന്റെ കവിതകളെ 'പരിഷ്കാരത്തിന്റെ തിണ്ണയിലുള്ളവർ' [ ആധുനിക തലമുറ, പരിഷ്കൃത സമൂഹം, പുത്തൻ കവികൾ, കലയെ സ്വാർത്ഥ ലാഭത്തിനു

വേണ്ടി വിൽക്കുന്നവർ ] പഴഞ്ചനാണെന്ന് കളിയുക്കുകയും എന്തെങ്കിലും തന്ന് തന്നെ ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്യേക്കാം.

എന്നാൽ, നാടിന്റെ നന്മകളെയും പാരമ്പര്യത്തെയും കുറിച്ചെഴുതുമ്പോൾ താൻ അനുഭവിക്കുന്ന അഭിമാനം ഇവർക്കറിയാൻ കഴിയുന്നില്ല. തന്റെ മുന്നിൽ ഗോമേദക രത്നം പതിച്ച സ്വർണ്ണ സിംഹാസനത്തിൽ, മുത്തുക്കുടയും ചൂടിയിരിക്കുന്ന, മൂന്നുലോകവും വാണ മഹാബലി മന്നൻ വിളങ്ങി നിൽക്കുകയാണ്. സമത്വപൂർണ്ണവും ഐശ്വര്യദായകവുമായ ഒരു കാലത്തിന്റെ കരുതലിനു വേണ്ടിയുള്ളതാണ് തന്റെ കാവ്യജീവിതം.

അനുബന്ധമായി വൈലോപ്പിള്ളിയുടെ ഒരു കാവ്യശകലം കൂടി ചൂണ്ടിക്കാട്ടി.

- അവകൾ കിനാവുകളെന്നാം ശാസ്ത്രം
കളവുകളെന്നാം ലോക ചരിത്രം
ഇവയിലുമേറെ യഥാർത്ഥം ഞങ്ങടെ
ഹൃദയ നിമന്ത്രിത സുന്ദര തത്വം.

തുടർപ്രവർത്തനങ്ങൾ :

1. 'ഓണമുറ്റത്ത്' എന്ന കവിതയ്ക്ക് ആസ്വാദക്കുറിപ്പ് തയ്യാറാക്കുക ?
2. ഓണവുമായി ബന്ധപ്പെട്ട നാടൻ പാട്ടുകൾ, ഗാനങ്ങൾ എന്നിവ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക. പതിപ്പിന് ഒരു ആമുഖക്കുറിപ്പ് തയ്യാറാക്കുക ?

നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം